**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1585** **31-08-2022 - ൽ മറുപടിയ്ക്ക്**

**നെല്ലിന് അർഹമായ വില ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ , ശ്രീ. അൻവർ സാദത്ത് , ശ്രീ. ഐ .സി .ബാലകൃഷ്ണൻ , ശ്രീ സി ആർ മഹേഷ്** | | **ശ്രീ. പി. പ്രസാദ് (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കർഷകർ നൽകുന്ന നെല്ലിന് അർഹമായ വില കർഷകർക്ക് കിട്ടുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രാജ്യത്ത് നെല്ലിന് ഏറ്റവും ഉയർന്ന സംഭരണവില നൽകുന്ന സംസ്ഥാനം കേരളമാണ്. കേന്ദ്രം നൽകുന്ന സംഭരണവിലയ്ക്ക് പുറമെ സംസ്ഥാനം നൽകുന്ന പ്രോത്സാഹന ബോണസ് കൂടി കൊടുക്കുന്നതുകൊണ്ടാണ് ഉയർന്ന സംഭരണവില കർഷകർക്ക് ലഭിക്കുന്നത്. 2015-16 വർഷം 21 രൂപ 50 പൈസയായിരുന്നു നെല്ലിന്റെ സംഭരണവില. കാലാനുസൃതമായ വർദ്ധനവ് വരുത്തി 28 രൂപയ്ക്കാണ് 2021-22 വർഷം നെല്ല് സംഭരിച്ചത്. ഇതിൽ 8 രൂപാ 60 പൈസ സംസ്ഥാനം നൽകുന്ന പ്രോത്സാഹന ബോണസാണ്. 2022-23 വർഷം നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം 28 രൂപാ 20 പൈസയ്ക്കാണ് നെല്ല് സംഭരിക്കേണ്ടത്. കേന്ദ്രസർക്കാർ താങ്ങു വിലയിൽ പ്രഖ്യാപിക്കുന്ന മാറ്റത്തിന് അനുസരിച്ചുള്ള പുതുക്കിയ സംഭരണവില നിശ്ചയിക്കുന്നത് പരിശോധിച്ച് വരുന്നു. |
| (ബി) | ഒരു കിലോ നെല്ലിന് 92 പൈസ കുറച്ചാണ് കർഷകർക്ക് സപ്ലൈകോ നൽകുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഒരു കിലോ നെല്ലിന് 28 രൂപ 92 പൈസയാണ് കർഷകർക്ക് ലഭിക്കേണ്ടത് എന്നത് വസ്തുതയാണോ; | (സി) | ഓരോ വർഷവും കാലോചിതമായി പുതുക്കിയ സംഭരണ വിലയാണ് കേരളത്തിലെ കർഷകർക്ക് നെല്ല് സംഭരിക്കുമ്പോൾ നൽകുന്നത്. |
| (ഡി) | എങ്കിൽ നെല്ലിന് അർഹമായ വില കർഷകർക്ക് ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | ഓരോ വർഷവും കാലോചിതമായി പുതുക്കിയ സംഭരണ വിലയാണ് കേരളത്തിലെ കർഷകർക്ക് നെല്ല് സംഭരിക്കുമ്പോൾ നൽകുന്നത്. |

സെക്ഷൻ ഓഫീസർ